"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ കാർഷിക യന്ത്രവൽക്കരണത്തിനായി SMAM പദ്ധതിയുടെ (2025-26) ഫ്ലെക്സി ഫണ്ടിൽ നിന്നും ചെലവുകൾ വകയിരുത്തി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് യന്ത്രോപകരണങ്ങൾ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1223/2025/AGRI തീയതി, തിരുവനന്തപുരം, 20-12-2025

പരാമർശം:- 1. 26.03.2025 ലെ-സ.ഉ (സാധാ) നം.296/2025/കൃഷി

2. 15.04.2025-ൽ കൂടിയ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പ്രോജക്റ്റ് അപ്രൂവൽ കമ്മിറ്റിയുടെ (PAC) നടപടിക്കുറിപ്പ്.

3 06.06.2025 ലെ-സ.ഉ (സാധാ)നം.570/2025/കൃഷി

4 കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 12.11.2025-ലെ ADFW/4267/2024-TG3 നമ്പർ കത്ത്.

**ഉത്തരവ്**

വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിൽ കാർഷിക യന്ത്രവൽക്കരണത്തിനായി SMAM പദ്ധതിയുടെ (2024-25) ഫ്ലെക്സി ഫണ്ടിൽ നിന്നും ചെലവുകൾ വകയിരുത്തി 34,62,350/-രൂപയുടെ കാർഷികയന്ത്രോപകരണങ്ങൾ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 2024-25 സാമ്പത്തിക വർഷാവസാനം അനുമതി ലഭിച്ചതിനാൽ നടപടികൾ പൂർത്തീകരിച്ചു യന്ത്രങ്ങൾ വാങ്ങുവാൻ സാധിച്ചിട്ടില്ലെന്നും, 27.06.2025-നു ടെക്നിക്കൽ കമ്മിറ്റി കൂടി സാങ്കേതിക സൂചകങ്ങൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായുള്ള ടെൻഡർ 27.09.2025-നു തുറക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും, പുതുക്കിയ ഭരണാനുമതി ഇല്ലാത്തതിനാൽ ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ലെന്നും അതിനാൽ 2025-26 സാമ്പത്തിക വർഷത്തെ ഫ്ലെക്സി ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (RKVY) 2025-26-ലെ വാർഷിക പ്രവർത്തന രേഖ (Annual Action Plan-AAP) 15.04.2025-ൽ പ്രോജക്റ്റ് അപ്രൂവൽ കമ്മിറ്റി (PAC) അംഗീകരിച്ചിട്ടുള്ളതും, ഇതിൽ SMAM പദ്ധതിയുടെ ഫ്ലെക്സി ഫണ്ടിനത്തിൽ 28.79 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. SMAM

പദ്ധതിയുടെ 2025-26 വർഷത്തെ വാർഷിക പ്രവർത്തന രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി പരാമർശം (3) പ്രകാരം നൽകി ഉത്തരവായിട്ടുണ്ട്.

3. മേൽസാഹചര്യത്തിൽ, വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിൽ കാർഷിക യന്ത്രവൽക്കരണത്തിനായി SMAM പദ്ധതിയുടെ (2025-26) ഫ്ലെക്സി ഫണ്ടിൽ നിന്നും ചെലവുകൾ വകയിരുത്തി 34,62,350/- രൂപയുടെ (മുപ്പത്തിനാല് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റമ്പത് രൂപ മാത്രം) കാർഷികയന്ത്രോപകരണങ്ങൾ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

സ്വീകർത്താവ്

1. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം..
2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, പൂജപ്പുര, തിരുവനന്തപുരം - 12.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
4. സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ, തൃശ്ശൂർ.
5. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി വകുപ്പ്, ചെമ്പുക്കാവ്, തൃശ്ശൂർ - 680 020.
6. ആഭ്യന്തര വകുപ്പ്.
7. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-IFA1/35/2025-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 22-12-2025 10:58:03
സെക്ഷൻ ഓഫീസർ